**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1083** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>കൊച്ചി നിയോജകമണ്ഡലത്തിലെ തീരദേശ - നഗര പട്ടയപ്രശ്നങ്ങൾ, വില്ലേജ് റെക്കോർഡുകളിലെ അപാകതകൾ, റവന്യൂ ടവർ എന്നിവ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കൊച്ചി നിയോജകമണ്ഡലത്തിലെ സാന്തോം നഗർ, ബീച്ച് റോഡ് മിനി നഗർ, രാമേശ്വരം നഗർ, പനയപ്പള്ളി നഗർ, ചക്കമാടം നഗർ, മുണ്ടംവേലി സൗദി സ്കൂൾ പരിസരം എന്നീ നഗര പ്രദേശങ്ങളിലും ചെല്ലാനം പഞ്ചായത്തിലെ കാട്ടിപ്പറമ്പ്, കണ്ണമാലി, കളത്തറ, ചെല്ലാനം, കണ്ടക്കടവ് എന്നീ തീരദേശ മേഖലകളിലും പതിറ്റാണ്ടുകളായി താമസിക്കുന്ന നൂറുകണക്കിന് കുടുംബങ്ങൾക്ക് ഇതുവരെയും ഭൂമിയുടെ നിയമപരമായ ഉടമസ്ഥാവകാശം തെളിയിക്കുന്ന പട്ടയം ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** പ്രസ്തുത മണ്ഡലത്തിലെ തുരുത്തി നഗറിൽ കോർപ്പറേഷനും ജി.സി.ഡി.എ. (ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി) -യും ഭവന പദ്ധതി പ്രകാരം വീടുകൾ നിർമ്മിച്ചുനൽകിയിട്ടും ജന്മിമാരിൽ നിന്നും ഏറ്റെടുത്ത ഭൂമിയുടെ വില്ലേജ് റെക്കോർഡുകൾ (ബേസിക് ടാക്സ് രജിസ്റ്റർ, തണ്ടപ്പേര്) മാറ്റാത്തതുമൂലവും ജില്ലാ കളക്ടർ മുഖേനയുള്ള നോട്ടിഫിക്കേഷൻ നടപടികൾ പൂർത്തിയാകാത്തതുമൂലവും ഇവിടത്തെ കുടുംബങ്ങൾക്ക് പട്ടയം നിഷേധിക്കപ്പെടുന്ന സാങ്കേതിക തടസ്സം അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** പ്രസ്തുത ഭൂമി The Kerala Escheats and Forfeitures Act 1964 Section 11 പ്രകാരം ഏറ്റെടുത്ത് പുറമ്പോക്കാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കൊച്ചി തഹസിൽദാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽവിഷയം എറണാകുളം ജില്ലാ കളക്ടർ പരിശോധിച്ച് വരുന്നതും തുടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

**(സി)** തുരുത്തി നഗറിലെ വില്ലേജ് റെക്കോർഡുകളിലെ അപാകതകൾ പരിഹരിക്കുന്നതിനും കൊച്ചി നിയോജകമണ്ഡലത്തിലെയും തീരദേശങ്ങളിലെയും കെട്ടിക്കിടക്കുന്ന മുഴുവൻ പട്ടയ അപേക്ഷകളും ശാശ്വതമായി തീർപ്പാക്കുന്നതിനുമായി ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസ്, കൊച്ചി താലൂക്ക് ഓഫീസ് എന്നിവയുടെ നേതൃത്വത്തിൽ ഒരു 'പ്രത്യേക പട്ടയ മേള' യുദ്ധകാലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുമോ;

**<u>മറുപടി:</u>** സംസ്ഥാന വ്യാപകമായി പട്ടയ മേളകൾ സംഘടിപ്പിക്കുന്ന വിഷയം പരിഗണനയിലാണ്.

**(ഡി)** വർഷങ്ങളുടെ പഴക്കമുള്ള ഹെറിറ്റേജ് പ്രദേശമായ ഫോർട്ട് കൊച്ചിയിലെ നിലവിലെ റവന്യൂ ഡിവിഷണൽ ഓഫീസും സമീപത്തെ പഴയ ജയിൽ കോമ്പൗണ്ടും ഏകോപിപ്പിച്ച് ഒരു 'ചരിത്ര പൈതൃക മ്യൂസിയം' ആയി മാറ്റുവാനും, നിലവിലെ റവന്യൂ ഓഫീസുകൾ കൂടുതൽ സൗകര്യപ്രദമായ മറ്റൊരു കേന്ദ്രത്തിലേക്ക് മാറ്റി കൊച്ചിയിലെ ജനങ്ങൾക്കായി എല്ലാ റവന്യൂ സേവനങ്ങളും ഒരൊറ്റ മേൽക്കൂരക്ക് കീഴിൽ ലഭ്യമാക്കുന്ന രീതിയിൽ ഒരു ആധുനിക റവന്യൂ ടവർ നിർമ്മിക്കുവാനും അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** ഫോർട്ട് കൊച്ചിയിലെ നിലവിലെ റവന്യൂ ഡിവിഷണൽ ഓഫീസും സമീപത്തെ പഴയ ജയിൽ കോമ്പൗണ്ടും ഏകോപിപ്പിച്ച് ഒരു 'ചരിത്ര പൈതൃക മ്യൂസിയം' ആയി മാറ്റുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ഫോർട്ട് കൊച്ചിയിലെ നിലവിലെ റവന്യൂ ഡിവിഷണൽ ഓഫീസും, കൊച്ചി താലൂക്ക് ഓഫീസും വളരെ പരിമിത സൗകര്യങ്ങളിലാണ് തുടരുന്നത്. അനുയോജ്യമായ ഭൂമിയോ കെട്ടിടമോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആധുനിക റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**